**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 451** **09-08-2023 - ൽ മറുപടിയ്ക്ക്**

**മെഡിസെപ്പ് പദ്ധതിയിൽ കൂടുതൽ ആശുപത്രികൾ ചേർക്കുന്നത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മെഡിസെപ്പ് ഇൻഷുറൻസ് പദ്ധതി ആരംഭിച്ചതിനുശേഷം പ്രസ്തുത പദ്ധതിയിൽ കൂടുതൽ ആശുപത്രികളെ ഉൾപ്പെടുത്താത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ; | (എ) | ആശുപത്രികളുടെ എംപാനൽമെന്റ് നടത്തുന്നത് ഇൻഷുറൻസ് കമ്പനിയാണ്. എന്നിരുന്നാലും ആശുപത്രികളുടെ എണ്ണം കുറവുള്ള സ്ഥലങ്ങൾ കണ്ടെത്തി അവിടെയുള്ള പ്രധാനപ്പെട്ട ആശുപത്രികളുടെ ലിസ്റ്റ് ശേഖരിച്ച് എംപാനൽമെന്റ് നടത്തുന്നതിനുള്ള നിർദ്ദേശം അവലോകന യോഗങ്ങളിൽ ഇൻഷുറൻസ് കമ്പനിക്ക് നൽകിയിട്ടുണ്ട്. കൂടാതെ എംപാനൽമെന്റ് ഒരു തുടർപ്രവർത്തനമാണ്. മെഡിസെപ്പിന്റെ വ്യവസ്ഥകൾ പാലിക്കുന്ന ആശുപത്രികളെ/ വിഭാഗങ്ങളെ പദ്ധതി കാലയളവിൽ എപ്പോൾ വേണമെങ്കിലും എംപാനൽ ചെയ്യാവുന്നതാണ്. മുക്കം സെന്റ് ജോസഫ് ആശുപത്രി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ഇൻഷുറൻസ് കമ്പനിക്ക് നിർദ്ദേശം നൽകുന്നതാണ്. |
| (ബി) | മുക്കം സെന്റ് ജോസഫ് ആശുപത്രി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ബി) | ആശുപത്രികളുടെ എംപാനൽമെന്റ് നടത്തുന്നത് ഇൻഷുറൻസ് കമ്പനിയാണ്. എന്നിരുന്നാലും ആശുപത്രികളുടെ എണ്ണം കുറവുള്ള സ്ഥലങ്ങൾ കണ്ടെത്തി അവിടെയുള്ള പ്രധാനപ്പെട്ട ആശുപത്രികളുടെ ലിസ്റ്റ് ശേഖരിച്ച് എംപാനൽമെന്റ് നടത്തുന്നതിനുള്ള നിർദ്ദേശം അവലോകന യോഗങ്ങളിൽ ഇൻഷുറൻസ് കമ്പനിക്ക് നൽകിയിട്ടുണ്ട്. കൂടാതെ എംപാനൽമെന്റ് ഒരു തുടർപ്രവർത്തനമാണ്. മെഡിസെപ്പിന്റെ വ്യവസ്ഥകൾ പാലിക്കുന്ന ആശുപത്രികളെ/ വിഭാഗങ്ങളെ പദ്ധതി കാലയളവിൽ എപ്പോൾ വേണമെങ്കിലും എംപാനൽ ചെയ്യാവുന്നതാണ്. മുക്കം സെന്റ് ജോസഫ് ആശുപത്രി പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ഇൻഷുറൻസ് കമ്പനിക്ക് നിർദ്ദേശം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ